# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1056    12.06.2014 -ലെ മറുപടിയ്ക്ക്.**

**പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എസ്.എസ്.എൽ.സി. ഫലം വളരെ വേഗത്തിൽ പൂർത്തിയാക്കിയിട്ടും പ്ലസ് വൺ പ്രവേശന നടപടികൾ ഏറെ നീണ്ടുപോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | എസ്.എസ്.എൽ.സി ഫലം നേരത്തേ പ്രഖ്യാപിച്ചതുകൊണ്ട് പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടുപോയി എന്ന് കണക്കാക്കാൻ കഴിയില്ല. മുൻ വർഷങ്ങളിലെപ്പോലെ ഏകജാലക സംവിധാനം വഴിയുള്ള പ്ലസ് വൺ പ്രവേശന പ്രക്രിയ പുരോഗമിച്ച് വരുന്നു. |
| (ബി) പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടുപോയതിനാൽ കേരള സിലബസിൽ പഠിച്ച് പാസായ കുട്ടികളുടെ അവസരങ്ങൾ നഷ്ടമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) പ്ലസ് വൺ പ്രവേശന നടപടികൾ എന്നേക്കു പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ; | (സി) | പ്ലസ് വൺ പ്രവേശനനടപടികളുടെ നിലവിലുള്ള ഷെഡ്യൂൾ പ്രകാരം മുഖ്യ അലോട്ട്മെൻറുകൾ 09/07/2014-ന് പൂർത്തിയാക്കുവാനും, ക്ലാസ്സുകൾ 14/07/2014 ന് ആരംഭിക്കുവാനും, ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനം എല്ലാ സ്കൂളുകളിലും സജ്ജമാക്കിയിട്ടുണ്ടോ ; | (ഡി) & (ഇ) | സ്കൂളുകളിലെ കമ്പ്യൂട്ടർലാബ്/ ഇൻറർനെറ്റ് സൗകര്യവും വേണ്ടുന്ന മറ്റു മാർഗ്ഗനിർദ്ദേശവും അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ എത്തുന്ന അപേക്ഷകർക്കുനൽകുവാൻ അതതു പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സംവിധാനം ആയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | | |
| (എഫ്) | കമ്പ്യൂട്ടർ സംവിധാനത്തിലെ അപാകതമൂലം നിരന്തരം പ്ലസ് വൺ രജിസ്ട്രേഷൻ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | ഉണ്ട്. |
| (ജി) | ആയതിന് നടപ്പിലാക്കിയിരിക്കുന്ന ബദൽ സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ? | (ജി) | ഓൺ ലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള ലിങ്കുകൾ മേയ് മാസം 26 മുതൽ ലഭ്യമാക്കിയപ്പോൾ വളരെ കൂടുതൽ അപേക്ഷകർ ഒരേ സമയം ഓൺ ലൈനായി അപേക്ഷാ സമർപ്പണത്തിന് ശ്രമിച്ചപ്പോൾ നിലവിലുള്ള സർവറുകൾക്ക് അത് ഉൾക്കൊള്ളാൻ കഴിയാതെ വരികയും ഇൻറർനെറ്റ് സംവിധാനം തടസ്സപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ട ഉടൻ കൂടുതൽ സർവറുകൾ ലഭ്യമാക്കി ഓൺ ലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള തടസ്സം പരിഹരിക്കുകയുണ്ടായി. |

Vidhyakumari

സെക്ഷൻ ഓഫീസർ